**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1407** **15-06-2012 - ലെ മറുപടിയ്ക്ക്**

## വിഷ വിമുക്തമായ പച്ചക്കറി ഉല്പാദനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, സി. മമ്മൂട്ടി | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന, അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളിലും, പഴങ്ങളിലും മാരകമായ കീടനാശിനികളുടെ അമിത സാന്നിദ്ധ്യം ഉള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന, അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന കറിവേപ്പില, പച്ചമുളക്, കാപ്സിക്കം, കോളിഫ്ളവർ എന്നീ പച്ചക്കറികളിലും പഴവർഗ്ഗങ്ങളുടെ കൂട്ടത്തിൽ മുന്തിരിയിലും കീടനാശിനികളുടെ സാന്നിദ്ധ്യം ഉള്ളതായി കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ലാബിൽ നടത്തിയ പരിശോധനകളിൽ വെളിപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച് സർക്കാരിന്റെ ഏതെങ്കിലും വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നല്കുമോ; | (ബി) | ഉണ്ട്. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ പൂർണ്ണ ധന സഹായത്തോടെ കേരളത്തിലെ വിവിധ ജില്ലകളിലെ വിപണികളിൽ നിന്ന് എല്ലാ മാസവും 92 സാമ്പിൾ വീതം ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ പരിശോധനാ ലബോറട്ടറിയിൽ ടെസ്റ്റ് ചെയ്ത് കേന്ദ്ര കൃഷി മന്ത്രാലയത്തിന് റിപ്പോർട്ട് നൽകി വരുന്നു. പരിശോധിച്ച സാമ്പിളുകളിൽ ഏറ്റവും അധികം അവശിഷ്ട വിഷാംശം കണ്ടത് ഏലക്കയിലാണ്. കേരളത്തിലെ വിളകളായ പയർ, ചീര, പാവയ്ക്ക എന്നിവയിലും അന്യ സംസ്ഥാനത്ത് നിന്ന് വരുന്ന കറിവേപ്പില, പച്ചമുളക്, കാപ്സിക്കം, കോളിഫ്ളവർ എന്നിവയിലും മുന്തിരിയിലും മാരകമായ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടു. എന്നാൽ മറ്റെല്ലാ പച്ചക്കറികളും പഴവർഗ്ഗങ്ങളും പൊതുവെ സുരക്ഷിതമാണെന്ന് ബോദ്ധ്യപ്പെട്ടു. |

(സി) അന്യ സംസ്ഥാന ഉല്പന്നങ്ങളിലെ വിഷ വസ്തുക്കളുടെ സാന്നിദ്ധ്യം പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും, സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ ഇവിടെ ത്തന്നെ ഉല്പാദിപ്പിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ വിശദവിവരങ്ങൾ കാലാകാലങ്ങളിൽ മാദ്ധ്യമങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നു. കൂടാതെ മാരക കീടനാശിനികളുടെ നിരോധനത്തെ തുടർന്ന് എല്ലാ ജില്ലകളിലും കർഷകൻ, പൊതുജനങ്ങൾ, കീടനാശിനി വിതരണക്കാർ, സർക്കാരിതര സംഘടനകൾ, മാദ്ധ്യമ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിശദമായ ബോധവൽക്കരണ പരിപാടികളിലൂടെ കീടനാശിനികളുടെ അവശിഷ്ട നിയന്ത്രണത്തെയും അവയുടെ സുരക്ഷിത ഉപയോഗത്തെയും പറ്റി ഏകദിന പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി 2012-13 ൽ 42.5 കോടി രൂപയുടെ ഒരു സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

a) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
b) പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
c) അർബൻ ക്ലസ്റ്റർ പ്രോത്സാഹനം.
d) ജില്ലാ ക്ലസ്റ്റർ വികസനം.
e) പോളി ഹൗസും ഓപ്പൺ ഹൈടെക് കൃഷിയും.
f) കേരള കാർഷിക സർവ്വകലാശാല മുഖേനയുള്ള പോളി ഹൗസ് നിർമ്മാണം.

സെക്ഷൻ ഓഫീസർ